കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അമ്പലപ്പുഴ ബ്ലോക്ക്പഞ്ചായത്ത്

# 2018-2019

# ഓഡിറ്റ് റിപ്പോർട്ട്


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-306/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ :- 04772252753

ഇ-മെയിൽ:- ddhglfalpy@gmail.com
തീയതി, 11.05.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നംകെ.എസ്.എ-എ.എൽ.പി/ബി.പി-306/2020 തീയതി: 11.05.2020

## ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 27.02.2019 മുതൽ 10.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ)<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ഹരികുമാർ. ജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11.03.2020 മുതൽ 20.03.2020 വരെ | ശ്രീ. രാജീവ്. ആർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ. പുഷ്പരാജ്. വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ശ്രീദേവി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**നിർവ്വഹണാധികാരികൾ**

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1. | പ്രസിഡന്റ് | ശ്രീ.പ്രജിത് കുമാർ | 01.04.2018 മുതൽ 15.12.2018 വരെ |
| | | ശ്രീമതി.മായാദേവി.വി.എസ് (ചാർജ്ജ്) | 16.12.2018 മുതൽ 28.12.2018 വരെ |
| | | ശ്രീ.കെ.എം.ജുനൈദ് | 29.12.2018 മുതൽ 31.03.2019 വരെ |
| 2 | സെക്രട്ടറി | വി.ജെ.ജോസഫ് | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ധനകാര്യം | ശ്രീമതി.വി.എസ്.മായാദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ക്ഷേമകാര്യം | ശ്രീമതി.അനിതാസതീഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി.ഗീതാ ബാബു | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, വികസനം | ശ്രീമതി.ബിബി.യു.വിദ്യ | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ഷേർലിജോസ് | 01.04.2018 മുതൽ 16.08.2018 വരെ |
| | രശ്മി.സി.ആർ | 17.08.2018 മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഒ | സുഭദ്രകുമാരി.സി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| എസ്.സി.ഡി.ഒ. | മുരളീധരൻനായർ.എസ് | 01.04.2018 മുതൽ 15.01.2019 FN വരെ |
| | മിനി.ആർ | 15.01.2019 AN മുതൽ 31.03.2019 വരെ |
| എ.എം.ഒ | ഡോ.വിശ്വകല.വി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡി.ഇ.ഒ. | ഹരിത. എച്ച് | 01.04.2018 മുതൽ 16.07.2018 FN വരെ |
| | ശ്രീജ.എസ് | 16.07.2018 AN മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജോസ്. എച്ച്.ജോൺസ് | 01.04.2018 മുതൽ 27.07.2018 FN വരെ |
| | ജിത്തുരാജ്. ആർ | 27.07.2018 AN മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സീന ജെറോം | 01.04.2018 മുതൽ 07.06.2018 വരെ |
| | രാധാകൃഷ്ണൻ.വി | 08.06.2018 മുതൽ 31.03.2019 വരെ |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ദീപ.എൻ | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം-1 | | |
| 1 | 1-1 മുതൽ 1-9 വരെ | പൊതു അവലോകനം |
| 2 | 1-10 | യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല |
| 3 | 1-11 | ആനന്ദേശ്വരം പറപ്പള്ളി റോഡ് ടാറിംഗ്- പ്രവർത്തിയുടെ സ്വഭാവം തന്നെ മാറുന്ന രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു |
| 4 | 1-12 | ഘടകസ്ഥാപനങ്ങൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കംപ്യൂട്ടർ, പ്രിന്റർ, സെർവർ മറ്റ് അനുബന്ധ ഉപകരണങ്ങൾ - ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം സ്ഥാപനത്തിന് നൽകി |
| 5 | 1-13 | മത്സ്യതൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് പഠനോപകരണം- സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതെ പ്രോജക്ട് നടപ്പാക്കി |
| 6 | 1-14 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്-തുക നൽകി ഒരു വർഷമായിട്ടും ഉപകരണങ്ങൾ സ്ഥാപിച്ചില്ല |
| 7 | 1-15 | സെക്രട്ടറി നടപ്പാക്കിയ ബ്ലോക്ക് വിഹിതം നൽകൽ പ്രോജക്ട്- വിനിയോഗ വിവരം ലഭ്യമാക്കിയില്ല |
| 8 | 1-16 | പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകിയ തുകയുടെ കൈപ്പറ്റ് രേഖയില്ല |
| 9 | 1-17 | ഭവന നിർമ്മാണ പദ്ധതികൾ- വിശദാംശങ്ങൾ ലഭ്യമല്ല |
| 10 | 1-18 | ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചില്ല-തുടർ നടപടി അനിവാര്യം |
| 11 | 1-19 | ഐ.എ.വൈ.അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ് - തുടർനടപടി സ്വീകരിക്കുന്നില്ല |
| ഭാഗം-2 | | |
| ഇല്ല | | |
| ഭാഗം-3 | | |
| 12 | 3-1 | ഘടകസ്ഥാപനങ്ങൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കംപ്യൂട്ടർ, പ്രിന്റർ, സെർവർ മറ്റ് അനുബന്ധ ഉപകരണങ്ങൾ - ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം സ്ഥാപനത്തിന് നൽകി |
| ഭാഗം-4 | | |
| 13 | 4-1 മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 14 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 15 | അനുബന്ധം.2 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 22.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 334357502 | 333672000 |
| വാർഷിക കണക്കു പ്രകാരം | 41674395 | 42681521 |

2018-19 വർഷത്തെ അംഗീകരിച്ച ബജറ്റ പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23507554 |
| വരവ് | 41674395 |
| ആകെ | 65181949 |
| ചെലവ് | 42681521 |
| നീക്കിയിരുപ്പ് | 22500428 |

## 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 32072000 | 32072000 | 27470422 | 0 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 5333000 | 5333000 | 3855112 | 0 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 436000 | 436000 | 305200 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 3803000 | 3803000 | 1734561 | 0 |
| ബി ഫണ്ട് | | 0 | 660000 | 660000 | 660000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാപഞ്ചായത്ത് | 2876667 | - | 2876667 | 603003 | 2273664 |
| | ഗ്രാമപഞ്ചായത്ത് | 1626310 | | 1626310 | 1042100 | 584210 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 59 | 63568154 | 40 | 31680734 | 15 | 4 | 67.8 |

## 1-6 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

2. വാടക രജിസ്റ്ററിൽ വാടകയുടെ ഡി.സി.ബി.തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

3. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഓരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

7.ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വാഹനങ്ങളുടെ ലോഗ്ബുക്ക് നിയമാനുസൃതം പരിപാലിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട് (മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് ചൂണ്ടിക്കാട്ടിയ അപാകതകൾ തന്നെ ഇപ്പോഴും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നു).

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| മിശ്രവിവാഹിതർക്കുള്ള ധനസഹായം | 6,60,000/- | 22 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.05.2019 | 2018-19 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.10.2016<br>07.10.2016 | 2013-14<br>2015-16 | 23.11.2016 |

## 1-9 വാർഷിക കണക്കിലെ അപാകതകൾ

വിശദാംശങ്ങൾ ഭാഗം 4 ഖണ്ഡിക 4-1ൽ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

# 1-10 യഥാസമയം എഗ്രിമെന്റിൽ ഏർപ്പെടാതിരുന്ന കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല

01.02.2012 – ലെ ജി.ഒ.(പി)നം.13/2012/പി.ഡബ്ല്യൂ.ഡി ഉത്തരവ് പ്രകാരം പുതുക്കി പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് വകുപ്പ് മാനുവലിലെ സെക്ഷൻ 2009.6 പ്രകാരം പ്രവർത്തി നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട കരാറുകാർ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ/ഡെസ്പാച്ച് ചെയ്ത തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനുള്ളിൽ കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാറുകാരനിൽ നിന്നും കോൺട്രാക്ട് തുകയുടെ 1% (മിനിമം-1000/- രൂപ, മാക്സിമം- 25000/- രൂപ) ഫൈൻ വാങ്ങിക്കൊണ്ട് കരാർ വയ്ക്കാം എന്ന് പറഞ്ഞിരിക്കുന്നു. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവർത്തിയുടെ കരാറുകാർ *കരാറിൽ ഏർപ്പെടുന്നതിൽ കാലതാമസം വരുത്തിയിട്ടും നിശ്ചിത നിരക്കിലുള്ള പിഴ ഈടാക്കിയതായി കാണുന്നില്ല.*

| | | |
|---|---|---|
| 1.പ്രോജക്ട് നം. | : | 51/19 |
| പ്രോജക്ടിന്റെ പേര് | : | പുറക്കാട് ഗ്രാമ പഞ്ചായത്തിൽ അയ്യൻകാളി സ്റ്റാച്യൂ മുതൽ വലിയചിറ വരെ റോഡിന് സംരക്ഷണഭിത്തി നിർമാണം |
| സെലക്ഷൻ നോട്ടീസ് നം./ തീയതി | : | 04/Qtn/2017 തീ.4.11.2017 |
| സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ/ഡെസ്പാച്ച് ചെയ്ത തീയതി | : | 07.11.2017 |
| സെലക്ഷൻ നോട്ടീസ് | : | 21.11.2017 |

| | | |
|---|---|---|
| പ്രകാരം ഫൈൻ കൂടാതെ കരാറിലേർപ്പെടേണ്ട തീയതി | | |
| കരാറിലേർപ്പെട്ട തീയതി | | 30.11.2017 |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.എച്ച്.ഇസ്മയിൽ |
| എഗ്രീഡ് പി.എ.സി | : | 535000/- |
| ചെലവ് | | 535000/- രൂപ<br>ട്രഷറിബിൽനം.6 തീ.05.07.2018 |
| എഗ്രിമെന്റ് നം. | : | *10/AEE/ABP/2017-18 തീ.30.11.2017* |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 535000x1% =5350/- രൂപ |

| | | |
|---|---|---|
| 2.പ്രോജക്ട് നം. | : | 53/19 |
| പ്രോജക്ടിന്റെ പേര് | : | യു.എച്ച്.റ്റി.സി-യിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് |
| സെലക്ഷൻ നോട്ടീസ് നം./തീയതി | : | നമ്പർ-വ്യക്തമല്ല തീ.27.11.2017 |
| സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ/ ഡെസ്പാച്ച് ചെയ്ത തീയതി | : | രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈൻ കൂടാതെ കരാറിലേർപ്പെടേണ്ട തീയതി | : | 11.12.2017 (സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസം) |
| കരാറിലേർപ്പെട്ട തീയതി | | 29.12.2017 |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.സജി.ജെ |
| എഗ്രീഡ് പി.എ.സി | : | 1481900/- |
| ചെലവ് | | 1480010/- രൂപ<br>1.ട്രഷറിബിൽനം. തീ.- 1250000/- രൂപ<br>2.ട്രഷറിബിൽനം.5 തീ.19.06.2018- 230010/- രൂപ |
| എഗ്രിമെന്റ് നം. | : | *21/AEE/ABP/2017-18 തീ.29.12.2017* |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 1481900x1% =14819/- രൂപ |

| | | |
|---|---|---|
| 3.പ്രോജക്ട് നം. | : | 52/19 |
| പ്രോജക്ടിന്റെ പേര് | : | പുറക്കാട് ഗ്രാമ പഞ്ചായത്തിൽ ആനന്ദേശ്വരം പറപ്പള്ളി റോഡ് ടാറിംഗ്. |
| സെലക്ഷൻ നോട്ടീസ് നം./തീയതി | : | നമ്പർ-വ്യക്തമല്ല തീ.21.12.2017 |
| സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ/ ഡെസ്പാച്ച് ചെയ്ത തീയതി | : | രേഖപ്പെടുത്തിയിട്ടില്ല |
| സെലക്ഷൻ നോട്ടീസ് പ്രകാരം ഫൈൻ കൂടാതെ കരാറിലേർപ്പെടേണ്ട തീയതി | : | 04.01.2018 (സെലക്ഷൻ നോട്ടീസ് തീയതി മുതൽ 14 ദിവസം) |
| കരാറിലേർപ്പെട്ട തീയതി | | 03.02.2018 |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ഇസ്മയിൽ.എച്ച് |
| എഗ്രീഡ് പി.എ.സി | : | 534246/- |
| ചെലവ് | | 534246/- രൂപ<br>1.ട്രഷറിബിൽനം.10 തീ.31.10.2018 |
| [illegible] | | [illegible] |

| | | |
|---|---|---|
| എഗ്രിമെന്റ് നം. | : | *27/AEE/ABP/2017-18 തീ.03.02.2018* |
| ~~ഈടാക്കേണ്ടിയിരുന്ന ഫൈൻ~~ | : | 534246x1% =5342/- രൂപ |

ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 25511/- രൂപ (5350+14819+5342) ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3-തീയതി.17.03.2020) മറുപടി നല്കിയില്ല).

# 1-11 ആനന്ദേശ്വരം പറപ്പള്ളി റോഡ് ടാറിംഗ്- പ്രവർത്തിയുടെ സ്വഭാവം തന്നെ മാറുന്ന രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു

| | | |
|---|---|---|
| പ്രോജക്ട് നം. | : | 52/19 |
| പ്രോജക്ടിന്റെ പേര് | : | പുറക്കാട് ഗ്രാമ പഞ്ചായത്തിൽ ആനന്ദേശ്വരം പറപ്പള്ളി റോഡ് ടാറിംഗ് |
| കോൺട്രാക്ടറുടെ പേര് | : | ശ്രീ.ഇസ്മയിൽ.എച്ച് |
| ചെലവ് | | 534246/- രൂപ<br>1.ട്രഷറിബിൽനം.10 തീ.31.10.2018 |
| എഗ്രിമെന്റ് നം. | : | *27/AEE/ABP/2017-18 തീ.03.02.2018* |
| എസ്റ്റിമേറ്റ് നം. | | 2017/49959 |
| റ്റി.എസ് നം. | | 53387/2017-18 |

എസ്റ്റിമേറ്റ് പ്രകാരം ഈ റോഡ് ടാർ ചെയ്യുന്നതിനായാണ് ഈ പ്രവൃത്തി ഏറ്റെടുത്തിരുന്നത്. എന്നാൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനു ശേഷം ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 08.06.2018-ലെ 2-ാം നമ്പർ തീരുമാന പ്രകാരം ടാറിംഗ് പ്രവർത്തികൾ ചെയ്യുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാൽ അതിനു പകരമായി 80mm ഘനത്തിലുള്ള ഇന്റർലോക്ക് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നല്കി. ടാറിംഗ് പ്രവൃത്തികൾ മാറ്റുന്നതിന് കാരണമായി പറഞ്ഞിരിക്കുന്നത് റോഡിന്റെ വീതിക്കുറവും വെള്ളക്കെട്ടുമാണ്. കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ റിവൈസ്ഡ് എഡിഷൻ 2012- (Revised as per G.O.(P)No.13/2012/PWD dated 01.02.2012) സെക്ഷൻ 1601.1.2 പ്രകാരം പ്രവൃത്തി സ്ഥലം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷം വേണം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്നു പറഞ്ഞിരിക്കുന്നു. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി പറഞ്ഞിരിക്കുന്ന കാരണങ്ങൾ രണ്ടും സൈറ്റ് പരിശോധിച്ചാൽ ബോധ്യപ്പെടാവുന്ന കാരണങ്ങളാണ്. ശരിയായ സൈറ്റ് പരിശോധനയുടെ അടിസ്ഥാനത്തിൽ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ നിശ്ചയിക്കപ്പെട്ട ഒരു പ്രവൃത്തിയുടെ സ്വഭാവം തന്നെ മാറുന്ന രീതിയിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടുന്ന സാഹചര്യം ഒഴിവാക്കാമായിരുന്നു. കൂടാതെ കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നതിനും ഇടയാക്കിയേനെ (നിലവിൽ ഈ പ്രവർത്തിയുടെ ടെണ്ടറിലും റീ ടെണ്ടറിലും ആരും തന്നെ പങ്കെടുക്കാതിരുന്നതിനാൽ ക്വൊട്ടേഷനിലൂടെയാണ് കരാറുകാരനെ നിശ്ചയിച്ചത്). മതിയായ പരിശോധന കൂടാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ് (ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4 തീയതി-17.03.2020) മറുപടി ലഭ്യമാക്കിയില്ല). പദ്ധതികളുടെ നടത്തിപ്പിൽ സമയനഷ്ടത്തിനും, ധനനഷ്ടത്തിനും കാരണമാകുന്ന ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

## 1-12 ഘടകസ്ഥാപനങ്ങൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കംപ്യൂട്ടർ, പ്രിന്റർ, സെർവർ മറ്റ് അനുബന്ധ ഉപകരണങ്ങൾ - ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം സ്ഥാപനത്തിന് നൽകി

പ്രോജക്ട് നം. S0072/19

അടങ്കൽ - 263000/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 262800/- ബിൽ നം. 50/19-03-19

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ടിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത കെ.എം.ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. പ്രസ്തുത സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരമുള്ള (നം.KMT-3439/09.02.2019) 262800/- രൂപ 19-03-19 ൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ HP Computer എന്ന ഐറ്റത്തിന് ക്വാട്ട് ചെയ്ത തുകയേക്കാൾ ഉയർന്ന നിരക്കാണ് ഈടാക്കിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | എണ്ണം | ക്വാട്ട് ചെയ്ത തുക (GSTഉൾപ്പടെ) | നൽകിയ തുക (GSTഉൾപ്പടെ) | അധികം നൽകിയത് |
|---|---|---|---|---|
| ALL IN ONE COMPUTER-HP/DELL<br>Processor i7 Core Processor,8GB RAM.2TB HDD,2GB graphics,22" monitor,Windows 10,Warranty : 3 years | 1 | 95000 | 105000 | 10000 |
| DESK TOP-DELL | 2 | 84000 | 84000 | - |
| EPSON A4 INK TANK PRINTER-L 130<br>Printing type: colour,Printing Technology:Inkjet,Print Resolution:5760*1440DPI Print Speed black:27 ppm,Colour:15ppm Print Speed Colour:15ppm,out put Tray capacity: 30sheets,input tray capacity:50 sheets | 2 | 20000 | 1x10000 പ്രിന്റർ ഒരെണ്ണമാണ് ലഭ്യമാക്കിയത് | - |
| Scanner Cannon lide 300 | 1 | 8000 | 8000 | |

സ്ഥാപനം ക്വാട്ട് ചെയ്ത തുകയേക്കാൾ 10000/- രൂപ അധികമാണ് നൽകിയത്. കൂടാതെ EPSON A4INK TANK Printer L130 ഒരെണ്ണം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ക്വട്ടേഷനിൽ രണ്ടെണ്ണത്തിന്റെ വിലയാണ് ഉൾപ്പെടുത്തിയിരുന്നത് (20000 രൂപ). ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതിന്റെയും വാങ്ങിയ

ഉപകരണങ്ങൾ ഏതൊക്കെ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു എന്നതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം.2/16-03-2020). അധികമായി നൽകിയ 10000/- രൂപ ഓഡിറ്റിൽ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കേണ്ടതാണ്. ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതിന്റെയും വാങ്ങിയ ഉപകരണങ്ങൾ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റെയും രേഖ ഇല്ലാത്തതിനാൽ നിരാകരിച്ച 10000/- രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ 252800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഇനങ്ങളുടെ ഇതുവരെയുള്ള സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-13 മത്സ്യതൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് പഠനോപകരണം- സർക്കാരിൽ നിന്ന് മുൻകൂർ അനുമതി വാങ്ങാതെ പ്രോജക്ട് നടപ്പാക്കി

പ്രോജക്റ്റ് നം. -62/19

അടങ്കൽ - 950000 (വികസനഫണ്ട്)

ചെലവ് - 949935 ബിൽ നം. 48/17.03.19

നിർവ്വഹണം- സെക്രട്ടറി

മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം നടത്തുന്നതായിരുന്നു അംഗീകൃത പ്രേജക്റ്റ്. ഇതിനായി സിഡ്കോയിൽ നിന്ന് 949935/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഐറ്റം | യൂണിറ്റ് പ്രൈസ് | എണ്ണം | ആകെ വില |
|---|---|---|---|---|
| 1 | Steel table 1cb&1 Drawer18mm<br>90*45*75 cm 22g | 3488 | 190 | 662720 |
| 2 | Steel chair with Arm | 749 | 190 | 142310 |
| | | | | 805030 |
| | | | Gst18% | 144905 |
| | | | ആകെ | 949935 |

സബ്സിഡി- മാർഗ്ഗരേഖ പ്രകാരം (നം.22/2018/തസ്വഭവ,തീയതി14.02.18) മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ (മേശ,കസേര) എന്ന പ്രോജക്റ്റ് ഗ്രാമപഞ്ചായത്തുകൾക്കും നഗരസ്ഥാപനങ്ങൾക്കും മാത്രമാണ് ഏറ്റെടുക്കാവുന്നത്. ഇപ്രകാരം ഒരു പ്രോജക്റ്റ് നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ പ്രോജക്റ്റ് നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ ഇപ്രകാരമുള്ള പ്രോജക്റ്റ് നടപ്പാക്കുമ്പോൾ സ്കൂൾ അധികൃതരിൽ നിന്നും വിദ്യാർത്ഥികളുടെ ലിസ്റ്റ് വാങ്ങി മരം കൊണ്ടുള്ള മേശയും കസേരയും പർച്ചേസ് കമ്മറ്റി വാങ്ങി സ്കൂൾ അധികൃതർ മുഖേന നൽകണം എന്നാണ് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ സിഡ്കോയിൽ നിന്നും സ്റ്റീൽ ഉപകരണങ്ങൾ വാങ്ങി ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് വിതരണം നടത്തിയിരിക്കുകയാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.02/16.03.2020) 2017-18 വർഷത്തിൽ പ്രസ്തുത പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിരുന്നു എന്നും 100 പേർക്ക് ആനുകൂല്യം നൽകുന്നതിന് വിഭാവനം ചെയ്ത പദ്ധതിയിൽ ഇരട്ടിയിലധികം ഗുണഭോക്താക്കൾ രേഖകൾ സമർപ്പിച്ച സാഹചര്യത്തിൽ പദ്ധതി 2018-19-ലും അതേപോലെ തുടരുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനിക്കുകയാണ് ഉണ്ടായത് എന്ന് മറുപടി നൽകി. മാർഗ്ഗരേഖയിൽ

ഉൾപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാൽ ടി മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ ചെലവ് 949935/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്-തുക നൽകി ഒരു വർഷമായിട്ടും ഉപകരണങ്ങൾ സ്ഥാപിച്ചില്ല

പ്രോജക്ട് നം.63/19-പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ്

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ - 1558800 (വികസന ഫണ്ട്)

ചെലവ് - 1411243 (ബിൽ നം. 54 / 29.03.2019

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലോ അതിനു പുറമേനിന്നോ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിച്ച് പുനരുപയോഗിക്കുന്നതിനായി യന്ത്രങ്ങൾ സ്ഥാപിക്കുന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ഉപകരണങ്ങൾ വാങ്ങുന്നതിനായി ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരമുള്ള 1411243/- രൂപ 29.03.2019-ൽ കമ്പനിക്ക് നൽകിയിട്ടുണ്ട്. ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Shredding Machine 15HP | 453772 |
| 2 | Baling Machine 7.5HP | 463571 |
| | Installation Charge | 24600 |
| | Supervision Charges(1year) | 41000 |
| 3 | Dust Remover Machine15HP | 403700 |
| | Installation Charge | 24600 |
| | Total | 1411243 |

പ്രസ്തുത ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി 09.03.2019 - ൽ ക്ലീൻ കേരള കമ്പനിയുടെ മാനേജിംഗ് ഡയറക്ടർക്ക് സെക്രട്ടറി സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട് (നം.C 187/18). ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ക്ലീൻ കേരള കമ്പനിയുമായുള്ള 08.03.2019 ലെ 20-ാം നമ്പർ കരാറിൽ സപ്ലൈ ഓർഡർ നൽകി 90 ദിവസത്തിനകം ഷ്രഡിംഗ് മെഷീൻ, ബെയ്‌ലിംഗ് മെഷീൻ എന്നിവ ഇൻസ്റ്റാൾ ചെയ്യും എന്നാണ് വ്യവസ്ഥ. എന്നാൽ നാളിതുവരെ മെഷിനറി ലഭ്യമാക്കി ഇൻസ്റ്റാൾ ചെയ്തിട്ടില്ല.

മെഷിനറികൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി നൽകിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മെഷിനറികൾ സപ്ലൈ ചെയ്തിട്ടുണ്ടെന്നും കൂടാതെ 31-03-2019ൽ മെഷീൻ സപ്ലൈ ചെയ്യുന്ന കമ്പനിയുമായുള്ള കരാർ കാലാവധി അവസാനിച്ചതിനാൽ പുതിയ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും പുതിയ സ്പെസിഫിക്കേഷനനുസരിച്ച് ടെണ്ടർ വച്ച സമയത്തെ വിലയിൽ നിന്നും ബെയ്‌ലിംഗ് മെഷീന്റെയും ഡസ്റ്റ് റിമൂവർ മെഷീന്റെയും വിലയിൽ വ്യത്യാസം വന്ന വിവരവും കമ്പനി അറിയിച്ചിട്ടുണ്ട് (C33/CKCL/2019). ആയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സമിതി പുതിയ നിരക്കിൽ മെഷിനറികൾ വാങ്ങുന്നതിന് തീരുമാനമെടുക്കുകയും കമ്പനിക്ക് കത്ത് നൽകുകയും ചെയ്തിട്ടുണ്ട് (C.287/18 dtd.12.02.2020). എന്നാൽ ക്ലീൻ കേരള കമ്പനിയിൽനിന്ന് നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലെന്നും ഷെഡ് നിർമ്മാണവും ഇലക്ട്രിഫിക്കേഷൻ പണികളും പൂർത്തിയായതിനുശേഷം, ബ്ലോക്ക് പഞ്ചായത്ത് സമിതി തീരുമാനപ്രകാരമാണ് കമ്പനിക്ക് തുക നൽകിയത് എന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത് (നം. 2/16.03.2020). 25.02.2020 ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.ടി) 469/2020 എൽ.എസ്.ജി.ഡി.പ്രകാരം ക്ലീൻ കേരള കമ്പനി നിശ്ചയിച്ചിട്ടുള്ള ഷ്രഡിംഗ് മെഷീൻ ടെണ്ടർ നടപടികളിലൂടെ വാങ്ങാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ക്ലീൻ കേരള കമ്പനിയിൽ നിന്നും മെഷീൻ ലഭിക്കുവാൻ സാദ്ധ്യത ഇല്ലായെങ്കിൽ തുക തിരികെ വാങ്ങി ടെണ്ടർ നടപടികളിലൂടെ മെഷീൻ വാങ്ങുന്നതാണെന്നും മറുപടി നൽകി.

ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് കെട്ടിട നിർമ്മാണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ട് നടപ്പാക്കിയില്ല (നം.66/19 - അടങ്കൽ 511200). കൂടാതെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് "പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് കെട്ടിടത്തിന് വൈദ്യുതീകരണം, വൈദ്യുതിലൈൻ ശേഷി ഉയർത്തൽ, ജലവിതരണസംവിധാനം ഏർപ്പെടുത്തൽ" എന്ന പ്രോജക്ടും (നം.78/19 -അടങ്കൽ-495769) 2018-19 വർഷം നടപ്പാക്കിയില്ല. മെഷിനറി സ്ഥാപിക്കുന്നതിനായി കെട്ടിടം, വൈദ്യുതി, ജലവിതരണസംവിധാനം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻപ് തന്നെ മെഷിനറി വാങ്ങുന്നതിന് ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറി എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അടിസ്ഥാനസൌകര്യങ്ങൾ ഒരുക്കുന്നതിനായുള്ള പെയ്മെന്റ് നടന്നിട്ടുള്ളത് 2019-20 സാമ്പത്തിക വർഷത്തിലാണ് എന്നതിൽ നിന്നും ആയത് വ്യക്തമാണ്.

2019 മാർച്ച് മാസം ക്ലീൻ കേരള കമ്പനിക്ക് 1411243/- രൂപ നൽകി 2020 മാർച്ച് ആയിട്ടും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് യാതൊരു നടപടിയും ആയിട്ടില്ല. ക്ലീൻ കേരള കമ്പനിയിൽ നിന്ന് മെഷീൻ ലഭിക്കാൻ സാദ്ധ്യത ഇല്ലെങ്കിൽ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്. ആയതിനാൽ ഷ്രഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നത് ചെലവഴിച്ച 1411243/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 സെക്രട്ടറി നടപ്പാക്കിയ ബ്ലോക്ക് വിഹിതം നൽകൽ പ്രോജക്ട്- വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.25/19 - അഗതിരഹിത കേരളം (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

അടങ്കൽ - 3,00,000 (വികസന ഫണ്ട്)

ചെലവ് - 3,00,000 (ബിൽ നം. 23/22.10.18)

അഗതിരഹിത കേരളം (ആശ്രയ) പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം 3,00,000/- രൂപ പുറക്കാട് ഗ്രാമപഞ്ചായത്തിന് നൽകുന്നതിനായി പിൻവലിച്ചിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 3,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/17.03.2020) മറുപടി ലഭിച്ചില്ല.

## 1-16 പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകിയ തുകയുടെ കൈപ്പറ്റ് രേഖയില്ല

ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 2018 ആഗസ്റ്റ് മാസത്തെ പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകുന്നതിന് തനത് ഫണ്ടിൽ നിന്ന് 10,00,000/- രൂപ 15.09.2018 - ൽ ചെക്ക് നമ്പർ 3028903 പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഈ തുകയുടെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/20-03-2020) കൈപ്പറ്റ് രസീത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാകുന്നതുവരെ 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഭവന നിർമ്മാണ പദ്ധതികൾ- വിശദാംശങ്ങൾ ലഭ്യമല്ല

(എ) പ്രോജക്ട് നം.9/19( ലൈഫ് ഭവന പദ്ധതി വിഹിതം (ജനറൽ)

അടങ്കൽ- 9391799 (വികസന ഫണ്ട്)

ചെലവ്-9391720

ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് ലൈഫ് ഭവനപദ്ധതി വിഹിതമായി 93,91,720/- രൂപ 2018-19 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. പഞ്ചായത്തുകളുടെ റിക്വിസിഷന്റെ

അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം./ തീയതി | അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് | പുറക്കാട് ഗ്രാമപഞ്ചായത്ത് | പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് | പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | ആകെ തുക |
|---|---|---|---|---|---|---|
| 4/29.06.18 | 1645932 | 1308057 | 1901755 | 918423 | 1289503 | 7063670 |
| 10/12.09.18 | 349852 | 58008 | 84340 | 40745 | 57185 | 590130 |
| 22/11.10.18 | 369720 | 253045 | 367925 | 177655 | 249455 | 1417800 |
| 45/13.02.19 | 83464 | 57138 | 83060 | 40129 | 56329 | 320120 |
| ആകെ | 2448968 | 1676248 | 2437080 | 1176952 | 1652472 | 9391720 |

മേൽ പ്രോജക്ട് പ്രകാരം തുക നൽകിയതിന് ആധാരമായ പഞ്ചായത്തുകളുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ മേൽതുകയുടെ കൈപ്പറ്റ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായിട്ടില്ല.

(ബി) പ്രോജക്ട് നം.10/19 (ലൈഫ് മിഷൻ ഭവന പദ്ധതി- പട്ടിക ജാതി വിഭാഗം)

അടങ്കൽ -2266600 (വികസന ഫണ്ട് S.C.P)

ചെലവ് - 2244600

(1)ബിൽ നം. 5/13.07.18 -1066000 (അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്ത്)

(2)ബിൽ നം. 11/15.09.18- 638600(പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത്)

(3)ബിൽ നം. 25/29.10.18 -540000(പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്)

ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്ഥാപനങ്ങളേറ്റെടുത്ത ഭവനപദ്ധതികളിൽ പൂർത്തിയാക്കാത്തവയുടെ പൂർത്തീകരണത്തിനായി ബ്ലോക്കിലെ അമ്പലപ്പുഴ തെക്ക്, പുന്നപ്ര വടക്ക്, പുന്നപ്ര തെക്ക്എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി മേൽ സൂചിപ്പിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം 2018-19 സാമ്പത്തിക വർഷം തുക നൽകിയിട്ടുണ്ട്. പഞ്ചായത്തുകളുടെ റിക്വിസിഷന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. മേൽ പ്രോജക്ട് പ്രകാരം തുക നൽകിയതിന് ആധാരമായ പഞ്ചായത്തുകളുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി നൽകിയ മേൽതുകയുടെ കൈപ്പറ്റ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായിട്ടില്ല.

വിശദാംശം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(6/17-03-2020) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 11636320/- രൂപ (9391720 +2244600) തടസ്സപ്പെടുത്തുന്നു.

# 1-18 ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചില്ല-തുടർ നടപടി അനിവാര്യം

(എ) PMAY പദ്ധതിയിലും, IAY പദ്ധതിയിലുൾപ്പെട്ടതുമായ ബ്ലോക്ക് പഞ്ചായത്തിലെ നിരവധി ഗുണഭോക്തക്കൾ ഭവനനിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. <u>2011-12 മുതൽ 2015-16 വരെയുള്ള ഐ.എ.വൈ സ്പിൽ ഓവർ വീടുകളിൽ 2018-19 ൽ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ വിവരം</u>

| ഗുണഭോക്താവിന്റെ | ഗ്രാമപഞ്ചായത്ത് | വർഷം | നൽകിയ | നിലവിലെ സ്ഥിതി |
|---|---|---|---|---|

| പേര് | | | തുക | |
|---|---|---|---|---|
| സതി രഘുനാഥൻ, പുത്തൻപുരയിൽ | അമ്പലപ്പുഴതെക്ക് | 2015-16 | 17500 | നിർമ്മാണം തുടങ്ങിയില്ല. ആർ.ആർ. നടപടിക്ക് ശുപാർശ ചെയ്തു. |
| ഉഷ, കരിക്കളം | പുറക്കാട് | 2015-16 | 17500 | |
| ലളിത തമ്പി, എട്ടിൽ | പുറക്കാട് | 2015-16 | 33300 | ഉത്തരപ്പൊക്കം(നിർമ്മാണം പുരോഗതിയിൽ) |

2. <u>പി.എം.എ.വൈ പദ്ധതി ഉൾപ്പെട്ട ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള ഗുണഭോക്താക്കളുടെ വിവരം</u>

| ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്ത് | വർഷം | നൽകിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| രതീഷ്, പുതുവൽ | അമ്പലപ്പുഴ വടക്ക് | 2016-17 | 96000 | കടൽക്ഷോഭത്തിൽ നശിച്ചു |
| ഭാസ്കരൻ, ദിവ്യാലയം | പുറക്കാട് | 2016-17 | 360000 | ഉത്തരപ്പൊക്കം |
| ഉഷാകുമാരി, അറുവന്തറ | പുറക്കാട് | 2016-17 | 18000 | നിർമ്മാണം തുടങ്ങിയില്ല. ആർ.ആർ. നടപടിക്ക് ശുപാർശ ചെയ്തു. |
| സുഷമ്മ, ശാന്താഭവനം | പുറക്കാട് | 2016-17 | 238000 | ഉത്തരപ്പൊക്കം |
| വിലാസിനി, ആയിരം തൈവെളപ്പ് | പുന്നപ്രവടക്ക് | 2016-17 | 48000 | നിർമ്മാണം ആരംഭിച്ചില്ല (മുതൽ 10000 രൂപയും 12960 പലിശയിനത്തിലും ഒടുക്കി ബാക്കി തുക പലിശ സഹിതം തിരികെ ഒടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട് എന്ന് അറിയിച്ചു |
| റോയി, ഇല്ലിച്ചിറ | പുറക്കാട് | 2016-17 | 248000 | ഉത്തരപ്പൊക്കം |

പ്രസ്തുത ഗുണഭോക്താക്കളിൽ നിർമ്മാണം പുരോഗമിക്കുന്നവരുടെ ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതും പ്രാരംഭ ധനസഹായം കൈപ്പറ്റി നാളുകൾ കഴിഞ്ഞിട്ടും നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള ഉചിത നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-19 ഐ.എ.വൈ.അക്കൗണ്ടിൽ വൻതുക നീക്കിയിരിപ്പ് - തുടർനടപടി സ്വീകരിക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ക്യാനറ ബാങ്കിലുള്ള ഐ.എ.വൈ അക്കൗണ്ടിൽ 31-03-2019ൽ 16501633 രൂപ നീക്കിയിരിപ്പുണ്ട്. ഐ.എ.വൈ അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിരുന്നെങ്കിലും നാളിതുവരെ (03/2020) യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/20.03.2020) 2020-21 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണത്തിനായുള്ള പ്രോജക്ടിൽ തുക വകയിരുത്തിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. സർക്കാർ പണം കാനറ ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്നത് ക്രമപ്രകാരമല്ല. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സർക്കാർ നിർദ്ദേശം വാങ്ങി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഘടകസ്ഥാപനങ്ങൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ, കംപ്യൂട്ടർ, പ്രിന്റർ, സെർവർ മറ്റ് അനുബന്ധ ഉപകരണങ്ങൾ - ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം സ്ഥാപനത്തിന് നൽകി

പ്രോജക്ട് നം. S0072/19

അടങ്കൽ - 263000/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 262800/- ബിൽ നം. 50/19-03-19

സെക്രട്ടറി നടപ്പാക്കിയ മേൽ പ്രോജക്ടിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത കെ.എം.ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. പ്രസ്തുത സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരമുള്ള (നം.KMT-3439/09.02.2019) 262800/- രൂപ 19-03-19 ൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ HP Computer എന്ന ഐറ്റത്തിന് ക്വാട്ട് ചെയ്ത തുകയേക്കാൾ ഉയർന്ന നിരക്കാണ് ഈടാക്കിയിരിക്കുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | എണ്ണം | ക്വാട്ട് ചെയ്ത തുക (GSTഉൾപ്പടെ) | നൽകിയ തുക (GSTഉൾപ്പടെ) | അധികം നൽകിയത് |
|---|---|---|---|---|
| ALL IN ONE COMPUTER-HP/DELL<br>Processor i7 Core Processor,8GB RAM.2TB HDD,2GB graphics,22" monitor,Windows 10,Warranty : 3 years | 1 | 95000 | 105000 | 10000 |
| DESK TOP-DELL | 2 | 84000 | 84000 | - |
| EPSON A4 INK TANK PRINTER-L 130<br>Printing type: colour,Printing Technology:Inkjet,Print Resolution:5760*1440DPI Print Speed black:27 ppm,Colour:15ppm Print Speed Colour:15ppm,out put Tray capacity: 30sheets,input tray capacity:50 sheets | 2 | 20000 | 1x10000 പ്രിന്റർ ഒരെണ്ണമാണ് ലഭ്യമാക്കിയത് | - |
| Scanner Cannon lide 300 | 1 | 8000 | 8000 | |

സ്ഥാപനം ക്വാട്ട് ചെയ്ത തുകയേക്കാൾ 10000/- രൂപ അധികമാണ് നൽകിയത്. കൂടാതെ EPSON A4INK TANK Printer L130 ഒരെണ്ണം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ക്വട്ടേഷനിൽ രണ്ടെണ്ണത്തിന്റെ വിലയാണ് ഉൾപ്പെടുത്തിയിരുന്നത് (20000 രൂപ). ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതിന്റെയും വാങ്ങിയ ഉപകരണങ്ങൾ ഏതൊക്കെ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു എന്നതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം.2/16-03-2020). അധികമായി നൽകിയ 10000/- രൂപ ഓഡിറ്റിൽ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് തിരികെ ഈടാക്കേണ്ടതാണ്. ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതിന്റെയും വാങ്ങിയ ഉപകരണങ്ങൾ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തതിന്റെയും രേഖ ഇല്ലാത്തതിനാൽ നിരാകരിച്ച 10000/- രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ 252800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത ഇനങ്ങളുടെ ഇതുവരെയുള്ള സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1.റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-40(b) പ്രകാരം 31.03.2019-ൽ താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് പ്രസ്തുത അക്കൗണ്ടിന്റെ ബാങ്ക് പാസ് ബുക്കുമായി വ്യത്യാസമുണ്ട്. എന്നാൽ ഈ വ്യത്യാസം റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പൊരുത്തപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് | വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | ബാങ്ക് പാസ്ബുക്ക പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| Treasury TSB A/C | 2140430 | 2159364 |
| SBT Total Sanitation | 0 | 3885 |
| Canara Bank PMAY/IAY/PLAN | 16501633 | 16506633 |

2.റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-5 പ്രകാരം Receipts from Auction of Obsolete Assets എന്നയിനത്തിൽ 9800/- രൂപ വരവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൻവർഷത്തെ ലേലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 8500/- രൂപയാണ് ഈയിനത്തിൽ വരവുള്ളതെന്ന് കാണുന്നു.

3.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-34 (വരവ്,ചെലവ്) പ്രകാരം ഈയിനത്തിലുള്ള ആസ്തി ബാധ്യതകളുടെ കൃത്യതയും, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യതയും പരിശോധിക്കാനായില്ല.

4.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ റോഡ് ആസ്തികളുടെ വിവരം ഉൾക്കൊള്ളിച്ചിട്ടില്ല. പ്രസ്തുത ഹെഡിൽ Accumulated depreciation -Roads & Bridges എന്നയിനത്തിൽ മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക (22424/- രൂപ) തന്നെയാണ് ഈ വർഷവും ഉൾക്കൊള്ളിച്ചിരിക്കുന്നത്.

5.ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ RP-31 പ്രകാരമുള്ള വരവുകളുടെ കൃത്യത (ടോട്ടൽ സാനിറ്റേഷൻ, ഹരിയാലി, കേരളോത്സവം എന്നിവയുടേതൊഴികെ) ഓഡിറ്റിൽ പരിശോധിക്കാനായില്ല.

6.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9-ൽ Other liabilities എന്നയിനത്തിൽ 3273810/- രൂപ ബാധ്യതയായി കാണിച്ചിരിക്കുന്നു. എന്നാൽ ഇത് ഏതിനത്തിലുള്ള ബാധ്യതയാണെന്ന് വിശദീകരിച്ചിട്ടില്ല.

7.ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം Contributions towards other schemes -from other institutions എന്നയിനത്തിൽ 1423534/- രൂപയുടെ വരവ് കാണുന്നു. എന്നാൽ ഇത് ഏതിനത്തിലുള്ളതാണെന്ന് വിശദീകരിച്ചിട്ടില്ല. കൂടാതെ ഇതിന്റെ ലെഡ്ജറിൽ വരുത്തിയ രേഖപ്പെടുത്തലുകളുടെ വിശദാംശവും വിശദീകരിച്ചിട്ടില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

--ഇല്ല--

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ (നം.) 116/10 ത.സ്വ.ഭ.വ,തീയതി:30-03-10 | 4601014 | 237121 | 237121 | | 0 |

•

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 41674395 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42681521 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10000 |
| | | |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15550298 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 10000 | വി.ജെ ജോസഫ്, സെക്രട്ടറി |
| ആകെ | | 10000 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 252800 | വി.ജെ ജോസഫ്, സെക്രട്ടറി |
| 1-13 | 949935 | വി.ജെ ജോസഫ്, സെക്രട്ടറി |
| 1-14 | 1411243 | വി.ജെ ജോസഫ്, സെക്രട്ടറി |
| 1-15 | 300000 | വി.ജെ ജോസഫ്, സെക്രട്ടറി |
| 1-16 | 1000000 | വി.ജെ ജോസഫ്, സെക്രട്ടറി |
| 1-17 | 11636320 | വി.ജെ ജോസഫ്, സെക്രട്ടറി |
| ആകെ | 15550298 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

--ഇല്ല--

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

--ഇല്ല--

<u>(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ജെ.ജോസഫ്, സെക്രട്ടറി | ബി.ഡി.ഒ, അമ്പലപ്പുഴ | വെളിയിൽ, പുന്നപ്ര.പി. ഒ. |

## 4-10. <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 & 1996-97 | എൽ.എഫ്.എ7/18/00/05.06.00/01.07.2000 |
| 1997-98 | എൽ.എഫ്.എ7/688/00/15.02.01/16.02.2001 |
| 1998-99 | എൽ.എഫ്.എ7/688/00/15.02.01/16.02.2001 |
| 1999-00 | എൽ.എഫ്. 5/ബി.പി.അദാലത്ത്/26/65/14/21.03.14 |

| | |
|---|---|
| 2000-01 | എൽ.എഫ്.എ7/130/06/15.06.06/13.09.2006 |
| 2001-02 | എൽ.എഫ്.എ7/131/06/06.06.06/18/07.06 |
| 2002-03 | എൽ.എഫ്.എ7/229/07/09.05.07/04.06.2007 |
| 2003-04 | എൽ.എഫ്.എ7/228/07/16.05.07/04.06.2007 |
| 2004-05 | എൽ.എഫ്.ജി.എ5/ബി.പി. അദാലത്ത് /26(66)/14 /22.03.14 |
| 2005-06 | എൽ.എഫ്.ജി.എ5/ബി.പി. അദാലത്ത്/26 (67)/14/ 22.03.2014 |
| 2006-07 | എൽ .എഫ്. ജി.എ5/ ബി.പി. അദാലത്ത് /26(68)/14/ 22.03.2014 |
| 2007-08 | എൽ. എഫ്.ജി .എ5/ ബി.പി. അദാലത്ത്/ 26(69) /14/ 22.03.2014 |
| 2008-09 | എൽ.എഫ്.എ.ബി.പി.1291/10/31.03.11/30.04.2011 |
| 2009-10 | എൽ.എഫ്.എ.ബി.പി.1292/10/31.03.11/ 30.04.11 |
| 2010-11 | എൽ.എഫ്.എ.ബി.പി.962/13/04.01.2014 |
| 2011-12 | എൽ.എഫ്.എ.ബി.പി.962/13/04.01.2014 |
| 2012-13 & 2013-14 | എൽ.എഫ്.എ.ബി.പി.1478/14/05.12.2014 |
| 2014-15 & 2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി- 272/17/ 15.03.2017/28.03.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി- 1446/17/11.12.2017/14.12.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി- 235/19/25.05.2019 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി/ബി.പി-306/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

ഫോൺ - 0477 2252753

ഇ-മെയിൽ - ddhglfalpy@gmail.com

തീയതി: 11.05.2020

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

No. KSA-ALP/BP-306/2020

Kerala State Audit Department,
District Audit Office, Alappuzha.
Date: 11.05.2020
Ph: 0477 2252753
E-mail : ddhglfalpy@gmail.com

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Ambalappuzha Block Panchayat in Alappuzha District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/LSGD dated 22.05.2018.

In my opinion, the Annual Financial Statement of Ambalappuzha Block Panchayat for the year 2018-19 subject to the observations in the Annexure properly presents the picture of income, expenditure and closing balance.

Senior Deputy Director,
Kerala State Audit Department,
District Audit Office, Alappuzha

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ